## എനിക്ക് എന്ത് വിവരങ്ങൾ ലഭിക്കും?

ആരോപണ വിധേയനായ ഇരയ്ക്കും അവരുടെ മാതപിതാക്കൾക്കും/രക്ഷിതാക്കൾക്കും അന്വേഷണ വേളയിൽ താഴെ പറയുന്നത് പോലെ പ്രത്യേക പരിഗണന നൽകുന്നു,

- അന്വേഷണ പുരോഗതി അറിയിക്കുന്നു. കുട്ടിയുമായി ബന്ധപ്പെട്ട അന്വേഷണ കണ്ടെത്തലുകളെ ഉപദേശിച്ച് കുട്ടിയുടെ മാതപിതാക്കൾക്കും/രക്ഷിതാക്കൾക്കും സമ്പർക്കം പുലർത്തുന്നതിന് അന്വേഷകൻ സമ്മതമുള്ള ഒരു സമയക്രമം സജ്ജീകരിക്കും.
- അന്വേഷണത്തിൽ ഒന്നിൽ കൂടുതൽ ആരോപിക്കപ്പെടുന്ന ഇരകളുണ്ടെങ്കിൽ, മാതപിതാക്കൾക്കും/രക്ഷിതാക്കൾക്കും ഇതുമായി ബസ്ധപ്പെട്ട വിവരങ്ങൾ മാത്രമേ നൽകൂ.
- അന്വേഷണത്തിന്റെ ഫലങ്ങളുടെ പൊതുവായ അടിസ്ഥാനത്തിൽ, അവരുടെ സ്വന്തം കുട്ടിക്ക് ഉപദേശം നൽകുന്നു:

ഒരു പ്രത്യേക ആരോപണം സ്ഥാപിക്കാൻ മതിയായ തെളിവുകൾ ഉണ്ടോ എന്ന് 'കണ്ടെത്തലുകൾ' എന്ന പദം സൂചിപ്പിക്കുന്നു. നിഗമനങ്ങൾ എന്ന പദം അന്വേഷണത്തിലെ ഒന്നോ അതിലധികമോ ആരോപണങ്ങൾ രൂപതാ നേതൃത്വം എടുക്കുന്ന തീരുമാനങ്ങളെ സൂചിപ്പിക്കുന്നു.

ഒന്നോ അതിലധികമോ സമയത്ത് രൂപതാ നേതൃത്വം എടുക്കുന്ന പ്രധാന തീരുമാനങ്ങളെ 'ഫലങ്ങൾ' എന്ന പദം വിവരിക്കുന്നു അന്വേഷണത്തിൽ ആരോപണം അന്വേഷണവിധേയമായ രൂപതാ പ്രവർത്തകനുമായി ബന്ധപ്പെട്ട ഫലങ്ങൾ, പ്രവർത്തനപരമോ വ്യവസ്ഥാപിതമോ ആയ പ്രശ്നങ്ങൾ ആവാം.



## അന്വേഷണ സമയത്തും ശേഷവും ഒരു കുട്ടി സംരക്ഷിക്കപ്പെടുന്നു

കുട്ടികളുടെ സുരക്ഷയും ക്ഷേമവും പ്രോത്സാഹിപ്പിക്കുന്നതിൽ രൂപത പ്രതിജ്ഞാബദ്ധമാണ്. അന്വേഷണത്തിൽ ഉൾപ്പെട്ട കുട്ടികൾക്ക് പ്രത്യേക പരിചരണം നൽകുന്നുണ്ടെന്ന് ഉറപ്പാക്കാൻ രൂപതാ സ്ഥാപനങ്ങളുടെ പ്രാദേശിക നേതൃത്വത്തിന് ബാധ്യതയുണ്ട്. ഈ പ്രക്രിയ കുട്ടിക്ക് ഉത്കണ്ഠയോ വിഷമമോ ഉണ്ടാക്കുന്നുവെങ്കിൽ അവർക്ക് കാൺസിലിംഗും അധിക പിന്തുണയും ക്രമീകരിച്ചേക്കാം.

മോശം പെരുമാറ്റ ആരോപണങ്ങൾ റിപ്പോർട്ട് ചെയ്തതിനാലോ അന്വേഷണത്തിൽ പങ്കെടുത്തതിനാലോ രൂപത ഏതെങ്കിലുമൊരു ഒരു കുട്ടിയെ പ്രത്യേകം ലക്ഷ്യം ചെയ്യുകയോ വിവേചനം കാണിക്കുകയോ ചെയ്യുന്നു എന്ന ഏതൊരു ആരോപണവും വളരെ ഗൗരവമായി കാണുകയും OoSG അന്വേഷിക്കുകയും ചെയ്യും. ഒരു രൂപതയിലെ പ്രവർത്തകൻ ഇത്തരം വിവേചനത്തിൽ കക്ഷിയായിട്ടുണ്ട് എന്ന് സ്ഥാപിതമായാൽ, അവർ ഗുരുതരമായ അച്ചടക്ക നടപടിക്ക് വിധേയരാണ്. OoSG കുട്ടികളുടെ സാക്ഷികളുടെ ഐഡന്റിറ്റി സംരക്ഷിക്കും, നിയമപരമായി നിർബന്ധിതമാണെങ്കിൽ മാത്രമേ അവരെ വെളിപ്പെടുത്തൂ. അന്വേഷണം നേരിടുന്ന രൂപതാ പ്രവർത്തകൻ താൻ ആരെയാണ് ലൈംഗികമായി ചൂഷണം ചെയ്തു എന്ന് ആരോപിക്കപ്പെടുന്നത് അവരെക്കുറിച്ച് അറിയാനുള്ള അവകാശമുണ്ട് എന്നാൽ കുട്ടികളുടെ സാക്ഷികളുടെ ഐഡന്റിറ്റി ചെയ്യുവാനുള്ള അവകാശം ഇല്ല.

അന്വേഷണത്തിൽ എന്താണ് സംഭവിക്കുന്നത് എന്നതിനെക്കുറിച്ചുള്ള കൂടുതൽ വിശദമായ വിവരങ്ങൾക്ക്, നിങ്ങൾക്ക് Office of Safe Guarding -ന്റെ Website വഴിയോ റഫർ ചെയ്യുകയോ Office of Safe Guarding -മായി നേരിട്ടോ ബന്ധപ്പെടാവുന്നതാണ്.

Office of Safeguarding
DIOCESE OF MAITLAND-NEWCASTLE

**Office of Safeguarding**
**Diocese of Maitland-Newcastle**

50 Crebert Street, Mayfield NSW 2304
PO Box 152, Mayfield NSW 2304
**P** 02 4979 1390
**E** childprotection@mn.catholic.org.au
**www.officeofsafeguarding.org.au**

0001044

Office of Safeguarding
DIOCESE OF MAITLAND-NEWCASTLE



# മാതാപിതാക്കൾക്ക് വേണ്ടിയുള്ള അറിയിപ്പുകൾ
## (രൂപതയുടെ അന്വേഷണത്തിന് വിധേയമാകുന്ന കുട്ടികൾക്കായി)

www.officeofsafeguarding.org.au



കുട്ടിയോടുള്ള അധിക്ഷേപകരമായ പെരുമാറ്റങ്ങളോട് ഉള്ള ഏതൊരു ആരോപണവും രൂപത പരിഗണിക്കുന്നതാണ്.

കുട്ടികൾക്ക് ഈ രൂപത നടത്തുന്ന അന്വേഷണ നടപടികളിൽ ഒരു ഇരയായോ അല്ലെങ്കിൽ ഒരു രൂപത പ്രവർത്തകൻ നടത്തിയ ദുരുപയോഗങ്ങളോ സംബന്ധിക്കുന്ന മോശം പെരുമാറ്റത്തിന്റെ സാക്ഷിയായോ ഉൾപ്പെടാം. ഇത്തരം ഏതെങ്കിലും അന്വേഷണത്തിൽ ഉൾപ്പെടുത്തപ്പെടുന്നത് വളരെ സമ്മർദപൂരിതമാണ്. അതുപോലെ ആശയക്കുഴപ്പവും അനുഭവപ്പെടുന്നത് കാരണമാകും.

ഏതെങ്കിലും ഒരു കുട്ടി മോശമായ പെരുമാറ്റത്തിന് ഇരയാകുമ്പോൾ എന്താണ് അവിടെ സംഭവിച്ചത് എന്ന് അവലോകനം ചെയ്യുക എന്നതാണ് രൂപതയുടെ ഈ അന്വേഷണം ലക്ഷ്യം വയ്ക്കുന്നത്.

കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും പിന്തുണ നൽകിക്കൊണ്ട് അവരെ സുരക്ഷിതരാകാൻ സഹായിക്കുന്നതിനൊപ്പം എല്ലാ അപകടസാധ്യതകളും കുറയ്ക്കുക എന്നതുമാണ് ഇതിന്റെ ഉദ്ദേശം.

## പരാതി ആര് കൈകാര്യം ചെയ്യും?

ആരോപണത്തിന്റെ ഗൗരവത്തിന് ആനുപാതികമായ തലത്തിൽ രൂപത അന്വേഷണം നടത്തും.

പ്രാദേശിക നേതാക്കൾ, അതായത് ഒരു സ്കൂൾ പ്രിൻസിപ്പൽ അല്ലെങ്കിൽ മാനേജർ, മേൽനോട്ടവും പിന്തുണയും നൽകുന്ന സുരക്ഷാ ഓഫീസുമായി ചില അന്വേഷണങ്ങൾ നടത്തിയേക്കാം. ഈ പ്രാദേശിക അന്വേഷണങ്ങൾ അനൗപചാരികവും കൂടുതൽ വേഗത്തിൽ പരിഹരിക്കപ്പെടുന്നതുമാണ്, കാരണം ആരോപണത്തിന്റെ സ്വഭാവം ഒന്നുകിൽ ഗൗരവം കുറഞ്ഞതോ അല്ലെങ്കിൽ പ്രൊഫഷണൽ മാനദണ്ഡങ്ങളുടെ ഒരു ചെറിയ ലംഘനം മാത്രമോ ആകുന്നു. എങ്കിൽ അന്വേഷണങ്ങൾ ഇത്തരത്തിൽ ലളിതം ആകാം.

Office of Safe Guarding റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ ആരോപണങ്ങളും അന്വേഷിക്കുകയും ഏറ്റെടുക്കുകയും വേണം.

## പോലീസിനെ അറിയിക്കണോ?

രൂപത 1 പോലീസിനും മറ്റ് ബന്ധപ്പെട്ട അധികാരികൾക്കും താഴെപ്പറയുന്ന സാഹചര്യങ്ങളിൽ ഉള്ള ക്രിമിനൽ പെരുമാറ്റം റിപ്പോർട്ട് ചെയ്യും:

- ഒരു കുട്ടി അല്ലെങ്കിൽ കുട്ടികളുടെ ഗണം ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ
- ഗുരുതരമായ കുറ്റം ചുമത്താവുന്നതാണെങ്കിൽ.

ഒരു ഗൗരവമേറിയ അപരാധത്തിന് അഞ്ച് വർഷമോ അതിൽ കൂടുതലോ തടവ് ശിക്ഷ ലഭിക്കാവുന്നതുമാണ്.

ആരോപണത്തിന്റെ സ്വഭാവമനുസരിച്ച്, Department of Communities and Justice (മുമ്പ് FCS) ഒരു റിപ്പോർട്ട് നൽകാറുമുണ്ട്.

## അന്വേഷണം എത്ര സമയമെടുക്കും?

അന്വേഷണങ്ങൾ താരതമ്യേന ലളിതവും ഏതാനും ആഴ്ചകൾക്കുള്ളിൽ പരിഹരിക്കപ്പെടുന്നതുമാണ്. മറ്റ് അന്വേഷണങ്ങൾ മാസങ്ങൾ, ചിലപ്പോൾ വർഷങ്ങൾ വരെ നീണ്ടുനിൽക്കും. കൂടുതൽ ഗൗരവമായ ചില അന്വേഷണങ്ങളിൽ നിയമപരമായ അധികാരികൾ അവരുടെ സ്വന്തം അന്വേഷണം നടത്തുന്നു. അധികാരികളുടെ നേരിട്ടുള്ള അന്വേഷണങ്ങളും, തുടർന്ന് Department of Communities and Justice പോലുള്ള മറ്റ് നിയമപരമായ അധികാരികളും, പോലീസും നടത്തുന്ന അന്വേഷണങ്ങളും പരമപ്രധാനമാണ്. രൂപതയുടെ നേതൃത്വത്തിൽ നടത്തുന്ന അന്വേഷണം ആരംഭിക്കുന്നതിന് മുമ്പ്, നിയമാനുസൃത അധികാരികൾ അവരുടെ അന്വേഷണങ്ങൾ പൂർത്തിയാക്കുന്നതിനായി കാത്തിരിക്കാൻ രൂപതക്ക് ബാധ്യതയുണ്ട്

## എന്റെ കുട്ടിയുമായി അഭിമുഖം നടത്തുമോ?

അന്വേഷണത്തിൽ പങ്കെടുക്കാൻ മാതാപിതാക്കളോടും കുട്ടികളോടും അന്വേഷികൻ സമ്മതം ആവശ്യപ്പെടും. അന്വേഷണത്തിൽ പങ്കെടുക്കാൻ മാതാപിതാക്കളും/രക്ഷിതാക്കളും കുട്ടിയും സമ്മതിക്കുകയാണെങ്കിൽ, അന്വേഷണ ഉദ്യോഗസ്ഥൻ കുട്ടിയെ ചോദ്യം ചെയ്യാനുള്ള ക്രമീകരണം ചെയ്യും.

കുട്ടിക്ക് കഴിയുന്നത്ര സുരക്ഷിതത്വവും പിന്തുണയും ആവശ്യമുണ്ട്. കുട്ടിയുടെ കൂടികാഴ്ച ആരെങ്കിലും സാക്ഷ്യപ്പെടുത്തണം. മാതാപിതാക്കളോ/രക്ഷിതാക്കളോ, അല്ലെങ്കിൽ മറ്റ് വിശ്വസ്തരായ മുതിർന്നവരോ, ഹാജരാകേണ്ടതുണ്ട്.

മാതാപിതാക്കളുടെയും/രക്ഷിതാക്കളുടെയും കുട്ടിയുടെയും സമ്മതത്തോടെ അഭിമുഖം ഓഡിയോ റെക്കോർഡ് ചെയ്യപ്പെടും. ഓഡിയോ റെക്കോർഡിംഗ് അഭിമുഖത്തിന്റെ രേഖാമൂലമുള്ള റെക്കോർഡിലേക്ക് ട്രാൻസ്ക്രൈബു ചെയ്യപ്പെടും, അതിന്റെ ഒരു പകർപ്പ് കുട്ടിക്ക് (അവരുടെ രക്ഷിതാവിന്റെ/പരിപാലകന്റെ സംരക്ഷണം) നൽകുകയും ചെയ്യും.

മാതാപിതാക്കളോ/രക്ഷിതാക്കളോ കുട്ടിയോ അന്വേഷണത്തിൽ പങ്കെടുക്കാൻ വിസമ്മതിച്ചാൽ, അവരുടെ തീരുമാനം രേഖാമൂലം നൽകാൻ മാതാപിതാക്കളോടും/രക്ഷിതാക്കളോടും അന്വേഷകന് ആവശ്യപ്പെടാം. പങ്കെടുക്കാതിരിക്കാനുള്ള തീരുമാനം അന്വേഷണത്തെ ബാധിക്കും.

